| (1) | (2) | (3) |
|---|---|---|
| തൃശ്ശൂർ | 12 | 10 |
| പാലക്കാട് | 55 | 40 |
| മലപ്പുറം | 444 | 202 |
| കോഴിക്കോട് | 73 | 11 |
| വയനാട് | 53 | 58 |
| കണ്ണൂർ | 26 | 11 |
| കാസർഗോഡ് | 82 | 34 |
| | 1179 | 657 |

ആകെ = 1179+657=1836

എൽ.പി.എസ്.എ./യു.പി.എസ്.എ. അദ്ധ്യാപക നിയമനത്തിനുള്ള കെ.പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ശേഷിക്കുന്ന കാലയളവിനുള്ളിൽ കൂടുതൽ നിയമനം നൽകുവാനും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഹോമിയോപ്പതി മെഡിക്കൽ ഓഫീസർ റാങ്ക് ലിസ്റ്റ്**

**54 (4984)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 387/2008 പ്രകാരമുള്ള ഹോമിയോപ്പതി മെഡിക്കൽ ഓഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്കാണ് ഇതുവരെ നിയമനം നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്നും ഇനി എത്ര പേർക്ക് നിയമനം നൽകാനാകുമെന്നും വിശദമാക്കുമോ ?

**ഉത്തരം**

(എ) നിലവിലില്ല.

(ബി) 368 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് 3-10-2013-ന് കാലഹരണപ്പെട്ടു. കാലാവധി അവസാനിച്ചതിനാൽ ഇനി നിയമനം നൽകാനാവില്ല.

LIBRARY ARCHIVES Kerala Legislative Assembly